# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

03-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 9

## സംസ്ഥാന വികസനത്തിൽ വിദേശ സഹകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വിൻസെന്റ് : | | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് നെതർലെൻഡിന്റെയും ജപ്പാന്റെയും സഹകരണം ഉറപ്പു വരുത്തുവാൻ മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനം കൊണ്ട് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;<br>(ബി) സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങളുടെ വികസനത്തിനാണ് വിദേശ സഹകരണം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളത് ; | (എ) യും (ബി) യും | മുഖ്യമന്ത്രിയുടെ നെതർലാന്റ് സന്ദർശനത്തിനു തുടർച്ചയായി തുറമുഖം / മാരിടൈം മേഖലകളുടെ വികസനത്തിനായി റോട്ടർ ഡാം തുറമുഖവുമായി ഒരു പൊതു ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ വികസനം, സമുദ്രാധിഷ്ഠിത പഠനത്തിനുള്ള സഹകരണം, ചെറുകിട തുറമുഖങ്ങളുടേയും അവയുമായി ബന്ധപ്പെട്ട തുറമുഖ നേതൃത്വ വ്യവസായങ്ങളുടെ വികസനത്തിനുള്ള മാസ്റ്റർ പ്ലാനിംഗ്, ആലപ്പുഴ തുറമുഖത്തെ ഒരു പൈതൃക തുറമുഖമായും മറീനയായും വികസിപ്പിക്കൽ തുടങ്ങിയവയാണ് സഹകരണത്തിനുള്ള മേഖലകളായി കണ്ടെത്തിയിട്ടുള്ളത്. തുടർ ആശയവിനിമയം നടത്തുന്നതിന് ഒരു നോഡൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (സി) കപ്പൽ സാങ്കേതിക വിദ്യ, സമുദ്ര വിജ്ഞാനം, മറൈൻ സയൻസ് എന്നിവയിൽ സംയുക്ത പദ്ധതികൾ ജപ്പാനുമായി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;<br>(ഡി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) യും (ഡി) യും | സമുദ്ര വിജ്ഞാനം, മറൈൻ സയൻസ് എന്നീ മേഖലകളിൽ സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ജപ്പാനിലെ Shimane University Estuary Research Centre/ Disaster Reduction Research Centre എന്നിവയുടെ ഡയറക്ടറുമായി ചർച്ച ചെയ്യുകയും ടി സ്ഥാപനവും സംസ്ഥാന സർക്കാരും യോജിച്ച് പ്രസ്തുത മേഖലകളിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ estuaries / flood affected area കണ്ടെത്തി മേൽ വിഷയത്തിൽ തൽപരരായ ജപ്പാനിലെ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഗവേഷകരുടെ ഒരു സംഘം സന്ദർശനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള തുടർ ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ